**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 805** **12-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ സേഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഇവർക്ക് ഭൂമിയും ഭവനവും ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിലെ ഭൂരഹിതരും ഭവന രഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭൂമിയും ഭവനവും അനുവദിക്കുന്നുണ്ട്. കൂടാതെ, പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ലാന്റ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തിയും ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നുണ്ട്. |
| (ബി) | സേഫ് പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ നിന്നും 2021 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ; നിലവിൽ പ്രസ്തുത ആനുകൂല്യത്തിന് അർഹത ലഭിച്ചവർക്ക് എത്ര ഗഡു ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും പദ്ധതിക്കായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ? | (ബി) | മാവേലിക്കര മണ്ഡലത്തിൽ നിന്നും സേഫ് പദ്ധതിയിലേക്ക് നാളിതുവരെ പട്ടികജാതി വിഭാഗക്കാരുടെ 775 അപേക്ഷകൾ ലഭ്യമായതിൽ 107 പേർ ഭവന നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്. 68 പേർക്ക് രണ്ട് ഗഡു തുകയും 10 പേർക്ക് ഒന്നാം ഗഡു തുകയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇനത്തിൽ 23350000 /- രൂപ (രണ്ട് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരം) ആകെ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ നിന്നും പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പട്ടികജാതി വികസന വകുപ്പ്

| ക്രമ നം | പഞ്ചായത്ത് | ഭൂരഹിതർ | ഭവനരഹിതർ | നടപടി |
|---|---|---|---|---|
| 1 | തെക്കേക്കര | 140 | 213 | ലൈഫ്മിഷൻ, വകുപ്പ് മുഖേന 53 പേർക്കു ഭൂമിയും, 142 പേർക്കു ഭവനവും നൽകി |
| 2 | തഴക്കര | 81 | 65 | ലൈഫ്മിഷൻ, വകുപ്പ് മുഖേന 42 പേർക്കു ഭൂമിയും, 16 പേർക്കു ഭവനവും നൽകി |
| 3 | പാലമേൽ | 38 | 118 | ലൈഫ്മിഷൻ, വകുപ്പ് മുഖേന 18 പേർക്കു ഭൂമിയും, 90 പേർക്കു ഭവനവും നൽകി |
| 4 | നൂറനാട് | 32 | 91 | ലൈഫ്മിഷൻ, വകുപ്പ് മുഖേന 9 പേർക്കു ഭൂമിയും, 75 പേർക്കു ഭവനവും നൽകി |
| 5 | ചുനക്കര | 29 | 76 | ലൈഫ്മിഷൻ, വകുപ്പ് മുഖേന 8 പേർക്കു ഭൂമിയും, 39 പേർക്കു ഭവനവും നൽകി |
| 6 | താമരക്കുളം | 38 | 89 | ലൈഫ്മിഷൻ, വകുപ്പ് മുഖേന 18 പേർക്കു ഭൂമിയും, 62 പേർക്കു ഭവനവും നൽകി |
| 7 | വള്ളിക്കുന്നം | 36 | 76 | ലൈഫ്മിഷൻ, വകുപ്പ് മുഖേന 14 പേർക്കു ഭൂമിയും, 51 പേർക്കു ഭവനവും നൽകി |
| 8 | മാവേലിക്കര മുൻസിപ്പാലിറ്റി | 50 | 47 | ലൈഫ്മിഷൻ, വകുപ്പ് മുഖേന 31 പേർക്കു ഭൂമിയും, 5 പേർക്കു ഭവനവും നൽകി |

### പട്ടികവർഗ്ഗ വികസന വകുപ്പ്

| പഞ്ചായത്ത് | ഭൂരഹിതരും ഭവന രഹിതരുടെ എണ്ണം | ഭൂമിയുള്ള ഭവനരഹിതരുടെ എണ്ണം | ആകെ ഭവനരഹിതരുടെ എണ്ണം |
|---|---|---|---|
| മാവേലിക്കര തെക്കേക്കര | 1 | 1 | 2 |
| വള്ളിക്കുന്നം | 1 | 0 | 1 |
| പാലമേൽ | 2 | 1 | 3 |
| താമരക്കുളം | 1 | 2 | 3 |
| ആകെ | 5 | 4 | 9 |